പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ T 4426

28.6.2012ൽ
മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി ; | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിലെ നെല്ല് സംഭരണത്തിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ; | എ) | കൊല്ലം ജില്ലയിൽ സപ്ലൈകോയുടെ നെല്ല് സംഭരണം മെയ് മാസം അവസാനവാരത്തോടെ ആരംഭിച്ച് 19.6.12 ന് അവസാനിച്ചു. |
| ബി) കഴിഞ്ഞ ആറ് മാസത്തിൽ എത്ര ടൺ നെല്ല് സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് ; | ബി) | കൊല്ലം ജില്ലയിൽ നിന്നും സപ്ലൈകോ വഴി 1000 ടൺ നെല്ല് സംഭരിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. |
| സി) പ്രസ്തുത കാലയളവിൽ എത്ര ടൺ നെല്ല് സംഭരണം നടത്തിയിട്ടുണ്ട് ; | സി) | പ്രസ്തുത കാലയളവിൽ കൊല്ലം ജില്ലയിൽ നിന്നും 665.6 ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. |
| ഡി) നെല്ല് സംഭരണത്തിന് കർഷകർക്ക് ലഭ്യമാക്കാനുള്ള തുക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ; അടിയന്തിരമായി പ്രസ്തുത തുക കർഷകർക്ക് ലഭ്യമാക്കുമോ ? | ഡി) | സപ്ലൈകോയ്ക്ക് നെല്ല് നൽകുന്ന സംസ്ഥാനത്തെ കർഷകർ അവർക്ക് ലഭിക്കുന്ന നെല്ലു കൈപ്പറ്റി രസീത് പാഡി പെയ്മെന്റ് ഓഫീസിൽ സമർപ്പിക്കുന്ന ക്രമമനുസരിച്ച് വെരിഫിക്കേഷൻ നടത്തി നെല്ലിന്റെ വില അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുകയാണ് ചെയ്തു വരുന്നത്. ഇതിനായി വിവിധ ജില്ലകളിലായി 6 പാഡി പെയ്മെന്റ് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് നൽകുവാനുള്ള തുകയുടെ മുക്കാൽ പങ്കും കർഷകർക്ക് നൽകിക്കഴിഞ്ഞു. ബാക്കി തുക ഉടനെ കൊടുത്തു തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ